ഗവൺമെന്റ് നാലു ശതമാനം ഇൻസെന്റീവ് അലവൻസും കൊടുക്കുന്നുണ്ട്. ഇത് എല്ലാ സംസ്ഥാനങ്ങളിലും കൊടുക്കുന്നില്ല എന്നു മാത്രമല്ല, കൊടുക്കുന്ന സംസ്ഥാനങ്ങൾപോലും അര ശതമാനമൊക്കെയാണ് കൊടുത്തിട്ടുള്ളത്. കേരള ഗവൺമെന്റ് മാത്രമാണ് നാലു ശതമാനം കൊടുക്കുന്നത്. അതിനു പുറമേയാണ് ഒന്നേകാൽ ശതമാനം ബോണസ് കൊടുക്കുന്നത്. അതും എന്റെ അറിവിൽ കേരള ഗവൺമെന്റ് അല്ലാതെ വേറെ ഒരു സംസ്ഥാനവും കൊടുക്കുന്നില്ല. ഇതെല്ലാം റീ-ഓപ്പൺ ചെയ്യാൻ കാരണം, ഓരോരുത്തർ ഭയങ്കര കൊള്ളയാണ് നടത്തുന്നത്. ഇതിന്റെ ഒരു നല്ല ശതമാനം ആളുകൾ കൊണ്ടുപോകുകയാണ്. ഇങ്ങനെ നമുക്ക് നിരന്തരമായി പരാതി കിട്ടാറുണ്ട്. ഞങ്ങൾ അത് അത്ര ശ്രദ്ധിക്കാറില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് അയച്ചു, കേന്ദ്ര ഗവൺമെന്റ് ഞങ്ങളോടു ചോദിച്ചു. അപ്പോഴാണ് ഇതെല്ലാം പരിശോധിക്കുവാൻ ഇടയായത്. ഇതൊക്കെ പരിശോധിച്ചപ്പോൾ ഒരു മാസം 92,248 രൂപ വാങ്ങുന്നവരുണ്ട്. അതുപോലെ തൃശ്ശൂരിൽ 67,240 രൂപയാണ് ഒരു മാസം ഇങ്ങനെ വാങ്ങുന്നത്. അത്ര ഭീമമായ തുക അവർക്ക് കിട്ടുന്നുണ്ട്. എല്ലാവർക്കും കിട്ടുമെന്ന് പറയുന്നില്ല. ചുമ്മാതെ വീട്ടിലിരിക്കുന്നവർക്ക് കിട്ടുകയില്ല. അപ്പോൾ ഒരു കാൽ ശതമാനം കുറച്ചാൽ തന്നെയും അവർക്ക് ഒമ്പതു ശതമാനം കിട്ടുന്നുണ്ട്. ആ ഒമ്പതു ശതമാനമെന്നു പറയുന്നത് വലിയ ഒരു എമൗണ്ടാണ്. സീലിംഗ് പതിനയ്യായിരം എന്നുവച്ചത് ബോണസ്സിനു മാത്രമാണ്. മുഴുവൻ വരുമാനത്തിനല്ല. ഒരു ശതമാനം ബോണസ് എന്നു പറഞ്ഞതിലാണ് പതിനയ്യായിരം സീലിംഗ്. നേരെ മറിച്ച് ബോണസ് അല്ലാതുള്ള 8%-ന് സീലിംഗ് ഇല്ല. എത്ര വേണമെങ്കിലും ആകാം. 11,250 രൂപ വരെ കിട്ടുന്നവർക്ക് സീലിംഗും ഇല്ല. അതിനു മുകളിലുള്ളവർക്കാണ് സീലിംഗ്. ബോണസ്സിൽ മാത്രം. അതുകൊണ്ട് അവരുടെ വരുമാനത്തെ കുറയ്ക്കുന്ന രീതിയിലുള്ള യാതൊന്നും ഗവൺമെന്റ് ചെയ്തിട്ടില്ല. എല്ലാം പരിശോധിച്ച ശേഷമാണ് ഗവൺമെന്റ് ഒരു തീരുമാനം എടുത്തത്. അവർക്ക് അതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ഒരു വർഷം 22 കോടി പിരിഞ്ഞിരുന്ന കാലത്താണ് ഈ ബോണസ് കൊടുത്തത്. അത് ഇല്ലാതാക്കുവാനൊന്നും പോകുന്നില്ല. 22 കോടി രൂപ പിരിഞ്ഞപ്പോഴാണ് ഈ ഇൻസെന്റീവ് ഇതിൽ വച്ചത്. ഇപ്പോൾ 22 കോടി രൂപ പിരിഞ്ഞിടത്ത് 1292 കോടി രൂപയോളം കിട്ടുന്നുണ്ട്. അതുകൊണ്ട് അവർക്ക് യാതൊരു ബുദ്ധിമുട്ടുമില്ല.

(5) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്വാശ്രയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മറ്റ് സർക്കാർ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്കിവരുന്ന സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, സർക്കാർ സ്ഥാപനങ്ങളായ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. തുടങ്ങിയവയുടെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെ മറ്റു സർക്കാർ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

തുല്യമായിത്തന്നെ പരിഗണിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് 1994, ജൂൺ 8-ന് പുറപ്പെടുവിച്ച ഉത്തരവു പ്രകാരം വ്യക്തമാക്കിയിരുന്നു. എന്നാൽ എൽ.ബി.എസ്.-ലേയും ഐ.എച്ച്.ആർ.ഡി.യിലേയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിൽ പലതും ഇപ്പോഴും സർക്കാർ കോളേജുകളുമായി തുല്യമല്ല. സർക്കാർ ഡി.എ., ഗ്രേഡ് പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളിൽ ഉൾപ്പെടെ ഈ വ്യത്യസ്തത നിലനില്ക്കുകയാണ്. ഈ കാര്യം പരിശോധിച്ച് എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സർക്കാർ കോളേജുകളുടേതിന് തുല്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഒമ്പത് എൻജിനീയറിംഗ് കോളേജുകളും എൽ.ബി.എസ്.-ന്റെ കീഴിൽ രണ്ട് എൻജിനീയറിംഗ് കോളേജുകളുമാണ്

11.00 AM] ഉള്ളത്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒമ്പത് എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ അംഗീകരിച്ച് നടപ്പാക്കിയിട്ടുള്ള എ.ഐ.സി.ടി.ഇ. സ്കെയിൽ പ്രകാരമുള്ള ആനുകൂല്യങ്ങളാണ് നൽകുന്നത്. അദ്ധ്യാപകേതര ജീവനക്കാരെ സംബന്ധിച്ചിടത്തോളം സംസ്ഥാന സർക്കാരിന്റെ ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് അനുസരിച്ചുള്ള സ്കെയിലും മറ്റ് ആനുകൂല്യങ്ങളുമാണ് നൽകുന്നത്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ പ്രശ്നമാണിത്. യു.ജി.സി.-യുടെ ഉത്തരവ് അനുസരിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നടപ്പിലാക്കാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ എന്നിവ സ്വാശ്രയ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്. അത്തരം സ്ഥാപനങ്ങൾക്ക് ഈ സ്കെയിൽ നടപ്പാക്കുന്നത് അവരുടെ സാമ്പത്തിക സ്ഥിതിയെക്കൂടി ആശ്രയിച്ചു നിൽക്കുന്ന കാര്യമാണ്. എൽ.ബി.എസ്.-ന്റെ കീഴിലുള്ള രണ്ട് എൻജിനീയറിംഗ് കോളേജുകളിലും എ.ഐ.സി.ടി.ഇ. സ്കെയിലും അദ്ധ്യാപകേതര ജീവനക്കാർക്ക് സംസ്ഥാന ഗവൺമെന്റ് സ്കെയിലുമാണ് നടപ്പാക്കുന്നത്. ഡി.എ. നടപ്പിലാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആ ഡി.എ.-യുടെ കാര്യംകൂടി പരിഗണിക്കുന്നതാണ്. ഏതായാലും ഇത്തരം കാര്യങ്ങൾ കൂടി നടപ്പാക്കിയിട്ട് അവരുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മെച്ചപ്പെട്ട സാഹചര്യം വരുന്ന സമയത്ത് അതിനെപ്പറ്റി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly